**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3749** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കായികമേഖലയിൽ പ്രധാന പങ്കു വഹിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ കായിക മേഖലയിൽ പ്രധാന പങ്ക് വഹിച്ച് വരുന്ന സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (ബി) | എൻ.ഐ.എസ്. ഡിപ്ലോമ നേടിയ പരിശീലകർ വിരമിക്കുമ്പോൾ പകരം പുതിയ പരിശീലകരെ നിയമിക്കാറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (ബി) | നിലവിൽ എൻ. ഐ. എസ്. ഡിപ്ലോമ നേടിയ പരിശീലകർ വിരമിക്കുമ്പോൾ പകരം പുതിയ പരിശീലകരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കാറുണ്ട്. ബന്ധപ്പെട്ട കായിക ഇനത്തിൽ എൻ. ഐ. എസ്. ഡിപ്ലോമയും, അംഗീകൃത സർവകലാശാലയിൽ നിന്നും ഡിഗ്രിയുമാണ് പരിശീലകരുടെ അവശ്യ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. പത്ര മാധ്യമങ്ങളിൽ പരസ്യം നൽകി ഇന്റർവ്യൂ നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിലാണ് പരിശീലകരെ നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ